**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 857** **31-01-2024 - ൽ മറുപടിയ്ക്ക്**

**ഇ-ഗ്രാന്റ്സ് കുടിശിക അനുവദിക്കാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ഐ. സി. ബാലകൃഷ്ണൻ</td><td colspan="2">ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് ഇ-ഗ്രാന്റ്സ് വിതരണത്തിൽ നിലവിൽ എത്ര കുടിശിക ഉണ്ട് എന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td>ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ഇനത്തിൽ വിതരണം ചെയ്യുവാനുള്ള കുടിശിക തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br><table><tr><th></th><th>പട്ടികജാതി, ( കോടിയിൽ)</th><th>പട്ടികവർഗ്ഗം ( കോടിയിൽ)</th><th>പിന്നാക്ക വിഭാഗം ( കോടിയിൽ)</th></tr><tr><td>കുടിശിക തുക</td><td>122.16</td><td>16.53</td><td>410,19</td></tr></table></td></tr>
<tr><td>(ബി)</td><td>ഇ-ഗ്രാന്റ് ലഭിക്കാത്തതിനാൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2016 മുതൽ നാളിതുവരെ ഇ-ഗ്രാന്റ്സ് ലഭിക്കുന്ന എത്ര വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;</td><td>(ബി)</td><td>ഇ-ഗ്രാന്റ്സ് ലഭിക്കാത്തതു കാരണം വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടില്ല.</td></tr>
<tr><td>(സി)</td><td>2009-10 കാലയളവിൽ കില നടത്തിയ പഠനത്തിൽ ഉന്നത പഠന രംഗത്ത് നിന്ന് പിന്മാറുന്നതിൽ 13% വിദ്യാർത്ഥികൾ സാമ്പത്തിക പരാധീനത മൂലമാണ് പഠനം നിർത്തുന്നത് എന്ന് കണ്ടെത്തിയപ്പോൾ, 2017-18 കാലയളവിൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ ആയത് 47% ആയി ഉയർന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യത്തിൽ ഇ-ഗ്രാന്റ്സ്</td><td>(സി)</td><td>പട്ടികജാതി വികസന വകുപ്പിന്റെ സ്ഥാപനങ്ങളുടെ (എം.ആർ.എസ്, പി.ഇ.റ്റി.സി. ഹോസ്റ്റലുകൾ, ഐ.റ്റി.ഐ കൾ) പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിൻ മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2023-24 വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിൻറെ ബഡ്ജറ്റ് ശീർഷകങ്ങളിൽ ലഭ്യമായ തുക പൂർണമായും വിനിയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. സമയ ബന്ധിതമായി അപേക്ഷ സമർപ്പിക്കാത്ത വിദ്യാർഥികൾ പിന്നീട് സമർപ്പിക്കുന്നത് കാരണത്താൽ തുടർ വർഷങ്ങളിൽ ബഡ്ജറ്റ് ശീർഷകങ്ങളെക്കാൾ കൂടുതൽ തുക ആവശ്യമായി വരുന്ന സാഹചര്യമുണ്ട്. തുക പൂർണമായും വിനിയോഗിച്ചു കഴിഞ്ഞതിനു ശേഷം ലഭിച്ച ക്ലെയിമുകൾക്ക് അധിക തുകക്കുള്ള പ്രൊപ്പോസലിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| | കുടിശിക തീർത്തു വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | | |
| (ഡി) | ഇ-ഗ്രാന്റ്സ് വർദ്ധിപ്പിക്കണമെന്ന് എസ്.സി-എസ്.ടി. വകുപ്പ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശിപാർശ ലഭിച്ചത് എന്നാണ്; പ്രസ്തുത ശിപാർശ നാളിതുവരെ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable fees ഉം സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസും ചേർന്നതാണ് ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് .അക്കാഡമിക് അലവൻസ് ഘടകങ്ങളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. മറ്റ് ഘടകങ്ങൾ 5.1.2023 ൽ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ